വന്നിട്ടുണ്ട്. കോടതിയുടെ അവസാന തീരുമാനത്തിനു വിധേയമായി നിയമനങ്ങൾ നടത്താനുള്ള ഉത്തരവ് കിട്ടിയിട്ടുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടൻ നിയമനം നടത്തുകയാണ്. അപ്പോൾ നിയമനത്തിന്റെ കാര്യത്തിൽ ഇവർക്ക് പ്രത്യേക പരിഗണന കൊടുത്തിട്ടുണ്ട്. മറ്റൊരു കാര്യം ശ്രീ. സെബാസ്റ്റ്യൻ സേവ്യറിനെ പോലുള്ളവർക്ക് സംസ്ഥാന ഗവണ്മെന്റ് കൊടുക്കാവുന്ന ഏറ്റവും വലിയ പരിഗണന കൊടുത്തിട്ടുണ്ട്. ഈ കൊല്ലം 64 ലക്ഷത്തോളം രൂപ ഈ അവാർഡിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിതരണം ചെയ്യുകയുണ്ടായി. ഗവണ്മെന്റ് ജി.ഒ. തന്നെ ഇറക്കി. കാരണം പലപ്പോഴും ഗവണ്മെന്റ് പ്രഖ്യാപനങ്ങൾ ഉണ്ട്. പണം കൊടുക്കുകയില്ല. ഇനിമേലിൽ ആവർത്തിക്കില്ല എന്നതുകൊണ്ട് ഇൻഡ്യയിൽ ആദ്യമായി ഗവണ്മെന്റ് ഓർഡർ പുറപ്പെടുവിച്ചു. ഈ അവാർഡുകളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് ഓർഡർ പുറപ്പെടുവിച്ച ഏക സംസ്ഥാനം കേരളമാണ്. ആ ഗവണ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ തന്നെ 64 ലക്ഷം രൂപയുടെ അവാർഡുകൾ ഈ കഴിഞ്ഞ ദിവസം വിതരണം ചെയ്യാൻ കഴിഞ്ഞു. അടുത്ത വർഷത്തെ നാഷണൽ ഗെയിംസിൽ കഴിഞ്ഞ വർഷത്തെ നാഷണൽ ഗെയിംസിന്റെ അവാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നീങ്ങുകയാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച അർജ്ജുന അവാർഡ് തുടങ്ങിയ കാര്യങ്ങളിൽ അവരുടെ തീരുമാനങ്ങൾ എന്താണെന്ന് അറിഞ്ഞുകൂടാ. സംസ്ഥാന ഗവണ്മന്റിന്റെ അഭിപ്രായം അവരെ അറിയിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ 300 ഉം 326 ഉം ഒരുമിച്ചെടുക്കാം.

**4 (* 300) പിന്നോക്ക സംവരണം സംബന്ധിച്ച സുപ്രീം കോടതി വിധി**

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗങ്ങൾ (സർവ്വീസുകളിലെ നിയമനങ്ങളോ, തസ്തികകളോ സംവരണം ചെയ്യൽ) ആക്ട് സുപ്രീം കോടതി ദുർബലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സുപ്രീം കോടതി വിധിയുടെ പ്രസക്ത ഭാഗങ്ങൾ വ്യക്തമാക്കുമോ;

(സി) ജസ്റ്റിസ് കെ.ജെ. ജോസഫ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രാബല്യത്തിൽ വരുത്തണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് എങ്ങനെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1995-ൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമത്തെ തുടർന്ന് നിയമിക്കപ്പെട്ട ആളുകളുടെ ജോലിക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകാൻ സാദ്ധ്യതയുണ്ടോ; എങ്കിൽ അത് എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രത്യേക നിയമം കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) ദുർബലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതി 699/95, 727/95 എന്നീ റിട്ട് ഹർജ്ജികളിന്മേൽ 13.12.99-ൽ വിധി പ്രസ്താവിച്ചു. 1995-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗങ്ങൾ (സംസ്ഥാന സർവ്വീസുകളിലെ നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യൽ) ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു. പ്രസ്തുത വിധിന്യായത്തിൽ ജസ്റ്റീസ് ജോസഫ് കമ്മിറ്റി റിപ്പോർട്ട് അതേപടി അംഗീകരിച്ചു. കൂടാതെ 16.1.1998-ൽ സർക്കാർ ഭാഗത്തുനിന്ന് കൂടുതൽ ജാതികളേയും, ഉപജാതികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഫയൽ ചെയ്ത സത്യവാങ്മൂലം അംഗീകരിച്ചു. ജോസഫ് കമ്മിറ്റി കണ്ടെത്തിയ പിന്നോക്കവിഭാഗങ്ങളിലെ മേൽത്തട്ടുകാരെ നിയമനങ്ങളിൽ ഒഴിവാക്കുന്നതു സംബന്ധിച്ചുള്ള പ്രാബല്യം 13.12.99 മുതൽ ഉണ്ടായിരിക്കുന്നതാണ്. പിന്നോക്ക വിഭാഗങ്ങളിലെ മേൽത്തട്ടുകാരെ ഒഴിവാക്കുന്നതിനുവേണ്ടി ഭരണഘടനാ പ്രകാരവും ഇന്ദിരാ സഹാനി, അശോക് കുമാർ താക്കൂർ എന്നീ കേസുകളിലെ വിധിന്യായ പ്രകാരവും ഇപ്പോഴുണ്ടായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും ആവശ്യമുള്ള വ്യവസ്ഥ ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിനെ സുപ്രീംകോടതി അനുവദിച്ചിട്ടുണ്ട്.

(സി) നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) കോടതി വിധിയേ നടപ്പാക്കാൻ സാധിക്കൂ.

(ഇ) 13.12.99-ന് മുമ്പ് നിയമന ഉത്തരവ് കിട്ടിയവർക്ക് കോടതി വിധിബാധമല്ല.

(എഫ്) വിധിന്യായം സർക്കാർ പരിശോധിച്ചുവരുകയാണ്.

മി. സ്പീക്കർ : ചോദ്യം 326, ശ്രീ. കെ.സി. ജോസഫ് , ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

**5 (* 326) മേൽത്തട്ട് നിർണ്ണയിക്കുന്നതു സംബന്ധിച്ച സുപ്രീം കോടതി വിധി**

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലേക്കുള്ള നിയമന കാര്യത്തിൽ സാമ്പത്തികാടിസ്ഥാനം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സാമ്പത്തിക സംവരണം ഏർപ്പെടുത്താൻ ഗവണ്മെന്റിന് ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly